പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2059 — 7.12.2015-ലെ മറുപടിക്ക്

സോളാർ കേസിലെ പ്രതികളുമായുള്ള കൂടിക്കാഴ്ച

ചോദ്യം

ശ്രീ.എ.പ്രദീപ് കുമാർ

ശ്രീ.കെ.കെ.ജയചന്ദ്രൻ

ശ്രീ.ജെയിംസ് മാത്യു

ശ്രീ.എസ്.രാജേന്ദ്രൻ

മറുപടി

ശ്രീ.രമേശ് ചെന്നിത്തല

(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി)

| | |
|---|---|
| എ) സോളാർ കേസിലെ പ്രതി ബിജു രാധാകൃഷ്ണനുമായി ജയിൽ സൂപ്രണ്ട് കൂടിക്കാഴ്ചകൾ നടത്തിയതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) പൂജപ്പുര സെൻട്രൽ ജയിൽ സൂപ്രണ്ടിന് ഇക്കാര്യത്തിൽ പ്രത്യേകം നിർദ്ദേശം വല്ലതും നൽകിയിട്ടുണ്ടായിരുന്നുവോ; വ്യക്തമാക്കുമോ; | ബി) നിർദ്ദേശം നൽകിയിട്ടില്ല. |
| സി) സോളാർ കമ്മീഷനു മുന്നിലും വിവിധ കോടതികളിലും ഹാജരാക്കേണ്ട ദിവസങ്ങൾക്ക് തൊട്ടുമുമ്പുള്ള ദിവസങ്ങളിൽ ലോക്കപ്പ് സമയം കഴിഞ്ഞതിനുശേഷമായിരുന്നു കൂടിക്കാഴ്ചകൾ നടത്തിയിരുന്നതെന്നറിയാമോ; | സി) ലോക്കപ്പ് സമയം കഴിഞ്ഞതിനുശേഷം കൂടിക്കാഴ്ച നടത്തിയതായിട്ടുണ്ടെങ്കിലും ഇക്കാര്യത്തിൽ സൂപ്രണ്ടിന്റെ നടപടി നിയമ വിരുദ്ധമായിട്ടുള്ളതല്ല. |
| ഡി) സോളാർ കേസിലെ പ്രതി സരിത.എസ്.നായർ അട്ടക്കുളങ്ങര വനിതാ ജയിലിൽ കഴിഞ്ഞപ്പോൾ അന്നത്തെ ജയിൽ ഡി.ഐ.ജി. സന്ദർശനം നടത്തിയിരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സമാന സംഭവമാണിപ്പോൾ ഉണ്ടായിരിക്കുന്നതെന്ന കാര്യം പരിശോധിക്കുമോ; | ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ദേശീയ മനുഷ്യാവകാശ കമ്മീഷൻ വനിതാ ജയിൽ സന്ദർശിക്കുമെന്ന് അറിയിച്ചതിനെ തുടർന്ന് ബഹു.കമ്മീഷന്റെ സന്ദർശന സമയത്ത് ആവശ്യമായ ക്രമീകരണങ്ങൾ ചെയ്യുന്നതിന് വനിതാ ജയിൽ അധികാരികൾക്ക് വേണ്ട നിർദ്ദേശം നൽകുന്നതിനുവേണ്ടി കൃത്യനിർവ്വഹണത്തിന്റെ ഭാഗമായാണ് മുൻ ജയിൽ ഡി.ഐ.ജി. വനിതാ ജയിൽ സന്ദർശിച്ചിട്ടുള്ളത്. ഇക്കാര്യത്തിനും, പ്രതി ബിജു രാധാകൃഷ്ണനുമായി സൂപ്രണ്ട് കൂടിക്കാഴ്ച നടത്തിയതും തമ്മിൽ സമാനതകൾ ഉണ്ടെന്നു കരുതുന്നില്ല. |
| ഇ) സംഭവത്തെക്കുറിച്ചുള്ള അന്വേഷണ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; ഇക്കാര്യങ്ങൾ സോളാർ കമ്മീഷന്റെ ശ്രദ്ധയിൽ കൊണ്ടുവരാൻ നടപടി സ്വീകരിക്കുമോ? | ഇ) ലഭിച്ചിട്ടുണ്ട്. കമ്മീഷൻ ഇതുമായി ബന്ധപ്പെട്ട റിപ്പോർട്ട് ആവശ്യപ്പെട്ടാൽ ആയത് നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ